"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പരപ്പനങ്ങാടി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷൈൻ വി.ആർ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1534/ 2024 നമ്പർ കേസിലെ 04.10.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.493/2025/LSGD തീയതി,തിരുവനന്തപുരം, 17-02-2025

---

പരാമർശം:-

1. പരപ്പനങ്ങാടി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷൈൻ വി.ആർ. സർക്കാരിൽ സമർപ്പിച്ച 19.09.2024 തീയതിയിലെ നിവേദനം
2. ശ്രീ. ഷൈൻ വി.ആർ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1534/2024 നമ്പർ കേസിലെ 04.10.2024 തീയതിയിലെ ഉത്തരവ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2024 തീയതിയിലെ LSGD/PD/40910/2024-DEB3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 2024വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി പരപ്പനങ്ങാടി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷൈൻ വി.ആർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1534/2024 നമ്പർ കേസിലെ 04.10.2024 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനുബന്ധം A11 നിവേദനത്തിലെ വാദങ്ങൾ പരിഗണിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ, ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ശ്രീ. ഷൈൻ വി.ആർ. സമർപ്പിച്ച പരാമർശം 1 നിവേദനം(അനുബന്ധം A11) പ്രകാരം പരപ്പനങ്ങാടി നഗരസഭയിൽ രണ്ട് വർഷമായി റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന തനിക്ക് പൊതസ്ഥലംമാറ്റത്തിൽ തന്റെ ഓപ്ഷൻപ്രകാരമുള്ള സ്ഥലത്തേക്ക് നിയമനം നൽകിയിട്ടില്ലായെന്നും തന്നെക്കാൾ സീനിയോരിറ്റി കുറഞ്ഞവരേയാണ് പ്രസ്തുത സ്ഥലങ്ങളിൽ നിയമിച്ചിരുന്നതെന്നും പരാതിപ്പെടുന്നു. കൂടാതെ നഗരസഭകളിൽ പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തിക സീനിയർ ക്ലർക്കുമാരുടെ

സ്ഥാനക്കയറ്റതസ്തികയായതിനാൽ ടിയാനെ ടി തസ്തികകളിലേക്ക് ഉൾപ്പെടുത്തിയില്ലായെന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ താൻ ഓപ്റ്റ് ചെയ്തിട്ടുള്ള കൊച്ചി,മരട്, തൃക്കാക്കര നഗരസഭകളിലോ ആലപ്പുഴ ജില്ലയിലെ ആലപ്പുഴ, ചേർത്തല നഗരസഭകളിലോ തന്നെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം 16.03.2024 ലെ സ.ഉ.(കൈ)നം.46/2024/LSGD ഉത്തരവ് പ്രകാരം 2024 പൊതു സ്ഥലമാറ്റത്തിനായി ഓൺലൈനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെയും, അപേക്ഷക്കൊപ്പം അപ്ലോഡ് ചെയ്തിട്ടുള്ള രേഖകളുടെയും അടിസ്ഥാനത്തിൽ കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ഇതിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് അർഹമായവ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ ക്യൂ ലിസ്റ്റ് പ്രകാരം റൊട്ടേഷൻ പലിച്ചാണ് തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസ്ഥലമാറ്റം നടത്തിയിട്ടുള്ളത് എന്നറിയിക്കുന്നു. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ റെവന്യൂ ഇൻസ്പെക്ടർ ശ്രീ ഷൈൻ വി.ആർ-ന് ടിയാന്റെ അർഹതയുടേയും സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ, 24.11.2024ലെ സ്ഥലമാറ്റ ഉത്തരവ് പ്രകാരം ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലമാറ്റം അനുവദിച്ചിട്ടുണ്ട് എന്നതിനാൽ ടിയാന്റെ ഓപ്ഷൻ പ്രകാരം സ്ഥലമാറ്റം ലഭിച്ചില്ല എന്ന പരാതി നിലനിൽക്കുന്നതല്ലായെന്ന് റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ 13-01-2023 തീയതിയിലെ സ.ഉ.(കൈ)നം.10/2023/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തിക സീനിയർ ക്ലർക്കുമാരുടെ സ്ഥാനക്കയറ്റ തസ്തികയായതിനാൽ ശ്രീ ഷൈൻ വി.ആർ -നെ ടി തസ്തികകളിലേക്ക് ഉൾപ്പെടുത്തിയില്ല എന്നുള്ള പരാതിയും പരിഗണനാർഹമല്ലായെന്നുള്ള വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം ശ്രീ ഷൈൻ വി.ആർ-ന്റെ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ശ്രീ ഷൈൻ വി.ആർ നെ 24.11.2024ലെ സ്ഥലമാറ്റ ഉത്തരവ് പ്രകാരം ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ കൊച്ചി കോർപ്പറേഷനിലേക്ക് സ്ഥലമാറ്റം അനുവദിച്ചിട്ടുണ്ട് എന്നതിനാൽ ടിയാന്റെ ആവശ്യം നിലവിൽ പരിഗണിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ നഗരസഭകളിൽ പുതിയതായി സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തിക സീനിയർ ക്ലർക്കുമാരുടെ സ്ഥാനക്കയറ്റ തസ്തികയായതിനാൽ ശ്രീ ഷൈൻ വി.ആർ -നെ ടി തസ്തികകളിലേക്ക് ഉൾപ്പെടുത്തിയില്ല എന്നുള്ള പരാതി വസ്തുതാപരമല്ലാത്തതാണ്.

5. മേൽ സാഹചര്യത്തിൽ പരപ്പനങ്ങാടി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷൈൻ വി.ആർ. സമർപ്പിച്ച അനക്ഷ്വർ A11 നിവേദനത്തിലെ ആവശ്യം നിലവിൽ പരിഗണിച്ചിട്ടുള്ളതിനാൽ ആയതിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് ആയത് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1534/2024 നമ്പർ കേസിലെ 04.10.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ. ഷൈൻ വി.ആർ., റവന്യൂ ഇൻസ്പെക്ടർ, പരപ്പനങ്ങാടി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-02-2025 11:24:04
സെക്ഷൻ ഓഫീസർ